നോവൽ അവസാനിക്കുന്നു

# അരുവിക്കാട്ടിലെ പഞ്ചവർണക്കിളികൾ

23

● ഷബ്ന പൊന്നാട്



## യുവരാജാവ് ഷബോനി

രണ്ടു ദിവസം മുമ്പുണ്ടായ കാട്ടുതീയിൽ ചെമ്പൻവനമാകെ കത്തിയെരിഞ്ഞ വിവരം യാത്രാമധ്യേ ഒരു ദേശാടനക്കിളിയിൽ നിന്നാണ് അജിബനും കുടുംബവും അറിഞ്ഞത്. കടുത്ത കാട്ടുതീയായിരുന്നു. ഗർജൻ സിംഹവും കോരുക്കുറുക്കനുമൊക്കെ എങ്ങോട്ടോ ഓടിപ്പോയി. പങ്കൻ കഴുകനെങ്ങോട്ടോ പറന്നുപോയി. ഭാഗ്യത്തിന് അരുവിക്കാട്ടിലേക്ക് തീ പടർന്നിരുന്നില്ല. അപ്പോഴേക്കും അത് കെട്ടണഞ്ഞിരുന്നു.

അജിബനും കുടുംബവും അരുവിക്കാട്ടിലേക്ക് തിരിച്ചെത്തിയ വിവരമറിഞ്ഞ് മിഥുക്കുരങ്ങനും ജില്ലി മുയലും റിനി മാനും സന്തോഷത്തോടെ ആർത്തുവിളിച്ചു. ശാപ്പാടടിച്ച് ഉച്ചമയക്കത്തിലായിരുന്ന ചുകൻ ചെമ്പോത്ത് ബഹളം കേട്ട് ഞെട്ടിയുണർന്ന് നോക്കി. അപ്പോൾ തന്നെ ലക്ഷ്യംവെച്ച് വരുന്ന അജിബനെയും ഷബോനിയെയുമാണ് കണ്ടത്.

ചുകൻ പേടിച്ച് കൂട്ടിൽ പതുങ്ങിയിരുന്നു. അതു കണ്ട് അജിബൻ ചോദിച്ചു.

“ഈ കൂട്ടിൽ നിനക്കെന്താ കാര്യം? ഇത് അരുവിക്കാടിന്റെ യുവരാജാവിനുള്ള കൂടാണ്''.

“ഞാനാണ് അരുവിക്കാടിന്റെ ഇപ്പോഴത്തെ രാജാവ്.'' ചുകൻ വിക്കി-വിക്കി പറഞ്ഞു.

“അതാരു പറഞ്ഞു? എങ്ങനെ നിനക്ക് ആ സ്ഥാനം കിട്ടി?''

അജിബന്റെ ആ ചോദ്യത്തിന് ചുകന് ഉത്തരമുണ്ടായിരുന്നില്ല.

“എന്റെ മോനെ ചതിച്ച് നേടിയെടുത്ത സ്ഥാനമല്ലേ? അതിന് നീ അർഹനല്ല. അതുകൊണ്ട് വേഗം പൊയ്ക്കോളണം ഈ കൂട്ടിൽ നിന്നും അരുവിക്കാട്ടിൽ നിന്നും. ഇനി ഒരിക്കലും നിന്നെ ഇവിടെ കണ്ടു പോവരുത്.''

അജിബൻ ആജ്ഞാപിച്ചു.

ഇനിയും അവിടെ നിന്നാൽ എല്ലാവരും കൂടി തന്നെ കൊത്തിക്കൊല്ലുമെന്ന് ചുകന് ഉറപ്പായി. ഇത്രയും ദിവസം അരുവി

▸▸ ലോകത്തിലാദ്യമായി 5G കവറേജ് ലഭ്യമാക്കിയ ജില്ല– ഷാങ്ഹായ് (ചൈന)




ക്കാട്ടുകാരെ കഷ്ടപ്പെടുത്തിയതിലും ദ്രോഹിച്ചതിലും അവർക്ക് തന്നോട് കടുത്ത ദേഷ്യമുണ്ട്. ഇപ്പോൾ ഷബോനിയെ ചതിച്ചതും അവർ അറിഞ്ഞിരിക്കുന്നു. ഇനി ദേഷ്യം കൂടുകയേയുള്ളൂ. ചുകൻ പേടിയോടെ വേഗത്തിലെങ്ങോട്ടോ പറന്നുപോയി.

പിറ്റേ ദിവസം, ഷബോനിയുടെയും മോബിയുടെയും വിവാഹമായിരുന്നു. അരുവിക്കാട്ടുകാർ അതൊരു ഉത്സവമാക്കി. അന്ന് രാവിൽ, തങ്ങൾക്കു വേണ്ടി ഒരുക്കിയ കാട്ടുചെമ്പകമരച്ചില്ലയിലെ കൂട്ടിൽ മോബിയെ ചേർത്തുപിടിച്ച് ഷബോനി പാടി. യുവരാജാവിന്റെ ശബ്ദമാധുര്യത്തിൽ മാസങ്ങൾക്കു ശേഷം അരുവിക്കാട്ടുകാർ സമാധാനത്തോടെ ഉറങ്ങി.

നിലാവെളിച്ചം തൂവിനിൽക്കുന്ന ആ രാത്രിയിൽ ഷബോനിയുടെ ഗാനവും കാട്ടുപൂവിന്റെ സുഗന്ധവും അരുവിക്കാട്ടിലെങ്ങും പരന്നൊഴുകി.

•

## തേനീച്ചകളെ പറ്റിക്കുന്ന പക്ഷി

വെസ്റ്റേൺ കിംഗ് ബേർഡ് എന്ന പക്ഷിയുടെ ആഹാരം തേനീച്ചകളാണ്. പക്ഷേ വയറുനിറയ്ക്കാൻ ഈ പക്ഷികൾക്ക് തേനീച്ചകളെ തപ്പിനടക്കേണ്ട കാര്യമില്ല. വെസ്റ്റേൺ കിംഗ് ബേർഡിന്റെ തലയിൽ വെട്ടിത്തിളങ്ങുന്ന ഒരു ചുവന്ന അടയാളമുണ്ട്. അതൊരു പൂവാണ് എന്നു കരുതി തേനീച്ചകൾ പറന്നടുത്തു വരും. ഉടനെ പക്ഷി അവ ശാപ്പിടുകയും ചെയ്യും.



▸▸ സ്ത്രീപുരുഷ അനുപാതം ഏറ്റവും കുറഞ്ഞ സംസ്ഥാനം– ഹരിയാന